**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 167** **01-07-2026-ൽ മറുപടിയ്ക്ക്**

**<u>നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കാൻ നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കുറുക്കോളി മൊയ്തീൻ

ശ്രീ. ടി. വി. ഇബ്രാഹിം

ശ്രീ. പി .എം. എ. സമീർ

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

**(എ)** നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിന് പൊതുവിതരണ സമ്പ്രദായം മെച്ചപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനായി പൊതുവിതരണ സമ്പ്രദായം കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കുന്നതിനുള്ള വിവിധ നടപടികൾ സർക്കാർ നടപ്പിലാക്കും. നിലവിൽ പൊതുവിതരണ രംഗത്ത് End-to-End Computerization , ഇ-പോസ് മെഷീനുകൾ മുഖേന ആധാർ അധിഷ്ഠിത ബയോമെട്രിക് റേഷൻ വിതരണം, വാതിൽപ്പടി വിതരണം, എസ്.എം.എസ് അറിയിപ്പ് സംവിധാനം എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. റേഷൻ വിതരണവുമായി ബന്ധപ്പെട്ട വിവരങ്ങൾ പൊതുജനങ്ങൾക്ക് വകുപ്പിന്റെ പോർട്ടലിലൂടെ ലഭ്യമാക്കിയിട്ടുമുണ്ട്. റേഷൻ കാർഡിലെ അംഗങ്ങളുടെ ആധാർ അധിഷ്ഠിത ബയോമെട്രിക് വിവരങ്ങൾ ഇ-പോസുമായി ബന്ധിപ്പിച്ചതിലൂടെ യഥാർത്ഥ ഗുണഭോക്താവിന് തന്നെ റേഷൻ ലഭിക്കുന്നുവെന്ന് ഉറപ്പാക്കുന്നു. ഇതുവഴി പൊതുജനങ്ങൾക്ക് കൃത്യമായി ഭക്ഷ്യധാന്യങ്ങൾ ലഭ്യമാകുകയും പൊതുവിപണിയിലുള്ള ആശ്രയത്വം കുറയുന്നതിലൂടെ വിലക്കയറ്റം നിയന്ത്രിക്കാൻ സഹായകമാവുകയും ചെയ്യുന്നു. ഭക്ഷ്യധാന്യങ്ങളുടെ സംഭരണം, ഗതാഗതം, വിതരണം എന്നിവയുടെ പൂർണമായ നിരീക്ഷണത്തിനായി Vehicle Location Tracking System (V.L.T.S.), Supply Chain Management System (S.C.M.S.) എന്നീ സംവിധാനങ്ങളെ അന്നചക്ര പ്ലാറ്റ്ഫോമുമായി സംയോജിപ്പിക്കുന്ന നടപടികൾ പുരോഗമിച്ചുവരികയാണ്. പൊതുവിതരണ മേഖലയിലെ ക്രമക്കേടുകൾ തടയുന്നതിനായി വകുപ്പ് തലത്തിൽ ശക്തമായ പരിശോധനാ സംവിധാനം നിലവിലുണ്ട്. ക്രമക്കേടുകൾ കണ്ടെത്തുന്ന സാഹചര്യങ്ങളിൽ The Kerala Targeted Public Distribution System (KTPDS) Control Order,2021 പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**(ബി)** പൊതു വിപണിയിൽ വില പിടിച്ചു നിർത്താൻ എന്തെല്ലാം പുതിയ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

**<u>മറുപടി:</u>** സപ്ലൈകോ സ്റ്റോറുകളിൽ സബ്സിഡി സാധനങ്ങൾ ഉൾപ്പടെ അവശ്യവസ്തുക്കളുടെ ലഭ്യത ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. NFSA പ്രകാരമുള്ള റേഷൻ വിതരണം കൃത്യതയിൽ നടപ്പിലാക്കും. കൂടുതൽ അരി Open Market Sale Scheme (OMSS) പദ്ധതി വഴി ലഭ്യമാക്കാനായി കേന്ദ്ര സർക്കാരിനോട് ആവശ്യപെട്ടിട്ടുണ്ട്.

വിലക്കയറ്റം ഫലപ്രദമായി നിയന്ത്രിക്കുന്നതിന്റെ ഭാഗമായി, ഭക്ഷ്യ പൊതുവിതരണ വകുപ്പ് ജില്ല/താലൂക്ക് തലങ്ങളിൽ പൊതു വിപണിയിൽ പതിവായി പരിശോധന നടത്തി ക്രമക്കേടുകൾക്കെതിരെ നടപടി സ്വീകരിക്കും. ഉത്സവ സീസണുകളിൽ പൊതുവിതരണ, ലീഗൽ മെട്രോളജി, ഭക്ഷ്യ സുരക്ഷാ എന്നീ വകുപ്പുകളുടെ സംയുക്ത സ്ക്വാഡ് രൂപീകരിച്ച് പൊതുവിപണി പരിശോധന നടത്താറുണ്ട്. വകുപ്പുതല സ്ക്വാഡുകളുടെ നേതൃത്വത്തിൽ പൊതുവിപണി പരിശോധനകൾ നടത്തി വിലവിവരപ്പട്ടിക പ്രദർശനം, പർച്ചേസ് ബില്ലുകളുടെ പരിപാലനം, നിശ്ചിത വിലപ്രകാരം വിൽപ്പന എന്നിവ ഉറപ്പുവരുത്തും. വിപണിയിലെ വിലനിലവാരം പഠിക്കുന്നതിനും സർക്കാരിന് നയപരമായ ശുപാർശകൾ നല്കുന്നതിനുമായി Centre for Price Research Kerala പ്രവർത്തിച്ചുവരുന്നു. സപ്ലൈക്കോ വിതരണം ചെയ്യുന്ന 13 ഇനം അവശ്യസാധനങ്ങളുടെ വില വിവരങ്ങൾ ശേഖരിച്ച് വിശകലനം ചെയ്ത് ബന്ധപ്പെട്ട വകുപ്പുകൾക്ക് റിപ്പോർട്ടുകൾ സമർപ്പിച്ചു വരുന്നു. സംസ്ഥാനത്തെ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം സംബന്ധിച്ച വിവരങ്ങൾ അവലോകനം ചെയ്യുന്നതിനായി ചീഫ് സെക്രട്ടറി അധ്യക്ഷനായി ഒരു സംസ്ഥാനതല കമ്മിറ്റി പ്രവർത്തിക്കുന്നുണ്ട്. ജില്ലാ കളക്ടർ, പൊതുവിതരണ ഉപഭോക്തൃകാര്യ, കൃഷി വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥർ എന്നിവർ എല്ലാ മാസവും യോഗം ചേർന്ന് വിപണി സാഹചര്യം വിലയിരുത്തുകയും റിപ്പോർട്ട് ഭക്ഷ്യ പൊതുവിതരണ വകുപ്പ് കമ്മീഷണർ മുഖേന കമ്മിറ്റിയ്ക്ക് സമർപ്പിക്കുകയും ചെയ്തു വരുന്നു. കൂടാതെ അവശ്യവസ്തുക്കളുടെ വില നിരീക്ഷണത്തിനും, വില ശേഖരണത്തിനും വേണ്ടി ഒരു Price Monitoring Cell സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. വിപണി ഇടപെടലുമായി ബന്ധപ്പെട്ട സർക്കാരിന്റെ നയ രൂപീകരണത്തിനായി 14 ജില്ലകളിൽ നിന്നും വിപണി വില ശേഖരിച്ച് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ സഹായത്തോടെ സർക്കാരിന് ശുപാർശകൾ സമർപ്പിക്കുന്നു. കൂടാതെ, സ്വയം റേഷൻ കടകളിൽ എത്താൻ കഴിയാത്ത അശരണരായ കിടപ്പുരോഗികൾക്ക് റേഷൻ ഭക്ഷ്യധാന്യങ്ങൾ വീട്ടിലെത്തിച്ചു നൽകുന്നതിനായി ആരോഗ്യ വകുപ്പിന്റെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും സഹകരണത്തോടെ സമഗ്ര പദ്ധതി രൂപീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്.

**സെക്ഷൻ ഓഫീസർ**